(സി) മേൽപറഞ്ഞ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്.

(ഡി) ഇന്റഗ്രേറ്റഡ് ഡിസീസ് സർവയലൻസ് പ്രോഗ്രാമിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വരെയുള്ള ആശുപത്രികളിലെ ഡയഗ്നോസ്റ്റിക് ലാബുകൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. തുടർന്ന് ദിവസേന എന്നോണം പകർച്ചവ്യാധികളുടെ മോണിറ്ററിംഗ് നടത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളും കമ്പ്യൂട്ടറൈസ് ചെയ്യാനും ഉദ്ദേശിക്കുന്നു.

പൗരാവകാശ പത്രികയുടെ പകർപ്പ് എല്ലാ വീടുകളിലും നൽകാൻ നടപടി

*4 [512] പ്രൊഫസർ കെ. വി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീമതി രാധാരാഘവൻ:

„ ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൗരാവകാശ പത്രികയുടെ പ്രഖ്യാപനം നടന്നിട്ടുണ്ട്;

(ബി) പൗരാവകാശ പത്രികയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലുള്ള എല്ലാ വീടുകളിലും നൽകാറുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ നടപടിയെടുക്കുമോ;

(ഡി) പൗരാവകാശ പത്രികയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ പ്രധാനകേന്ദ്രങ്ങളിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിച്ച് പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്തെ 988 ഗ്രാമപഞ്ചായത്തുകൾ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന പുളിമാത്ത്, എരുമേലി, വട്ടവട എന്നീ പഞ്ചായത്തുകളിൽ ഉടനെ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 45 നഗരസഭകളിലും പൗരാവകാശ രേഖയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. മറ്റു 13 നഗരസഭകളിൽ ഇത് പ്രാബല്യത്തിൽ വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) പൗരാവകാശ രേഖയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലുള്ള എല്ലാ വീടുകളിലും നൽകാറില്ല. എന്നാൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുന്ന പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നോട്ടീസ് ബോർഡിലും ആ പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്താനും അത് അച്ചടിച്ച് പൊതു ജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പൗരാവകാശ രേഖ നിലവിലുള്ള കാലത്തോളം അതിന് പഞ്ചായത്ത് വേണ്ടത്ര പ്രചാരണം നൽകാനും പൗരാവകാശ രേഖയുടെ പകർപ്പ് ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കാനും നിയമം ഉണ്ട്. പൗരാവകാശ രേഖയുടെ രത്നചുരുക്കം ഒരു ബോർഡിൽ പെയിന്റ് കൊണ്ടെഴുതി പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതുണ്ട്. ഇത്രയും വ്യവസ്ഥകൾ നിലവിലുള്ള സാഹചര്യത്തിൽ പൗരാവകാശ രേഖയുടെ പകർപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലെ എല്ലാ വീടുകളിലും നൽകാൻ പ്രത്യേക നിർദ്ദേശം നൽകേണ്ടതില്ല.

(ഡി) നിലവിലുള്ള ചട്ടങ്ങളിൽ ഇപ്പോൾ തന്നെ മതിയായ വ്യവസ്ഥയുണ്ട്.

പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് സ്ഥിരമായി തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് നടപടി

*5 [513] ശ്രീ. എം. വി. ജയരാജൻ:

„ ടി. കെ. ബാലൻ:

„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിൽ തൊഴിലില്ലായ്മ രൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ പട്ടിണിയിൽനിന്നും വിമുക്തരാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വനാന്തരങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് സ്ഥിരമായി തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ;

(ഡി) ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly